**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** **26-07-2021 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ തുറമുഖ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിലെ തുറമുഖങ്ങളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കുമോ; | (എ) | മലബാർ മേഖലയിലെ അഴീക്കൽ, ബേപ്പൂർ, പൊന്നാനി തുറമുഖങ്ങൾ വികസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ കപ്പൽ സർവ്വീസ് നടത്തുന്നതിനാ വശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് കൊച്ചിയിൽ നിന്നും അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കണ്ടെയ്നർ സർവ്വീസ് ആരംഭിക്കാൻ കഴിഞ്ഞു. മലബാർ മേഖലയുടെ ഒരു ട്രേഡിംഗ് ഹബ്ബായി അഴീക്കൽ തുറമുഖത്തെ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അഴിമുഖത്ത് നിന്ന് മാറി കടലിൽ ഏതാണ്ട് മൂവ്വായിരം കോടി രൂപ ചെലവ് വരുന്ന പുതിയ തുറമുഖമാണ് വിഭാവനം ചെയ്യുന്നത്. ഇതിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി രൂപീകരിച്ച മലബാർ ഇന്റർനാഷണൽ പോർട്ട് & SEZ Ltd എന്ന കമ്പനി നടപടികൾ സ്വീകരിച്ച് വരുന്നു. തുറമുഖ വികസനത്തിനായുള്ള ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അംഗീകരിച്ചു. വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിനായി M/s.Howe Engineering Projects India Pvt. Ltd. എന്ന കമ്പനി നടപടി സ്വീകരിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പഠനങ്ങളും ഉൾനാടൻ ബിസിനസ്സ് വികസന (hinterland business development) ത്തിനു വേണ്ടിയുള്ള നടപടികളുമായി തുറമുഖ കമ്പനി മുന്നോട്ട് പോവുകയുമാണ്. തുറമുഖത്തോടനുബന്ധിച്ചുള്ള വ്യവസായ വികസനത്തിനായി ഒരു SEZ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്. നിലവിലുള്ള തുറമുഖത്തിന്റെ |

| | | | |
|---|---|---|---|
| | | | ആഴം 5 മീറ്ററാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള DPR തയ്യാറാക്കി അംഗീകാരത്തിന് ധനകാര്യ പ്ലാനിംഗ് വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ബേപ്പൂർ തുറമുഖത്തെ തിരക്ക് കുറയ്ക്കുന്നതിനായി ഒരു പുതിയ വാർഫ് സ്ഥാപിക്കുന്നതിന് ചെന്നൈ ഐ.ഐ.റ്റി യുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. ബേപ്പൂരിന്റെ സമഗ്ര വികസന ത്തിനായി മാസ്റ്റർ പ്ലാൻ സംബന്ധിച്ച RFP, DPR എന്നിവ തയ്യാറാക്കുന്നതിനുള്ള ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. പൊന്നാനി തുറമുഖവികസനത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു എങ്കിലും സ്വകാര്യ കമ്പനിയുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ല. ഈ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ മേഖലയിലെ തുറമുഖങ്ങളിലേക്ക് കൊച്ചിയിൽ നിന്നും തീരദേശ ചരക്ക് കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ഉണ്ട്. കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കണ്ടെയ്നർ സർവ്വീസ് 03/07/2021-ന് ആരംഭിച്ചു. ഇതുവരെ മൂന്ന് സർവ്വീസുകൾ നടന്നിട്ടുണ്ട്. ഈ സർവ്വീസിനെ കൊല്ലം തുറമുഖത്തേക്കും നീട്ടുവാൻ വേണ്ടിയുള്ള ചർച്ചകൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ